ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എഡി.എ3/112176/2018/എച്ച്.എസ്.ഇ** **തീയതി : 09/10/2018**

## സർക്കുലർ

വിഷയം:- ഹ.സെ.വി. - ഗവ. ഹയർസെക്കന്ററി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെ വിവരങ്ങളും (പി.എസ്.സി. & ബൈട്രാൻസ്ഫർ) ഒഴിവുകളുടെ വിവരങ്ങളും ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലേക്കുള്ള ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത സാഹചര്യത്തിൽ ഗവ. ഹയർസെക്കന്ററി സ്കൂളിലെ ലാബ് അസിസ്റ്റന്റുമാരുടെയും ഒഴിവുകളുടെയും വിശദാംശങ്ങൾ കൃത്യമായി ലഭ്യമായാൽ മാത്രമേ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. പി.എസ്.സി. മുഖേന നിയമിതരായവരുടേയും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് ബൈട്രാൻസ്ഫർ മുഖേന ലാബ് അസിസ്റ്റന്റുമാരായി നിയമനം ലഭിച്ചവരുടേയും വിശദാംശങ്ങൾ പ്രത്യേകം പ്രത്യേകം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമകളിൽ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്. ബൈട്രാൻസ്ഫർ മുഖേന നിയമിതരായവർ, റിലീവ് ചെയ്യുകയോ റിട്ടയർ ചെയ്യുകയോ, തിരികെ മാതൃവകുപ്പിലേക്ക് പോവുകയോ ചെയ്തതിന്റെ ഫലമായി ഒഴിവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവരുടെ പേര്, തീയതി എന്നിവ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ അടങ്ങിയ പ്രൊഫോർമയുടെ ഹാർഡ്കോപ്പി 20/10/2018 ന് 5.പി.എം. ന് മുൻപായി നിർബന്ധമായും ഈ ഓഫീസിലേക്ക് നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്.

**ഒപ്പ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ഉള്ളടക്കം: പ്രൊഫോർമകൾ

## പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന ലാബ് അസിസ്റ്റന്റായി നിയമിതരായവരുടെ വിശദാംശങ്ങൾ

സ്കൂൾ -------------സ്കൂൾ കോഡ്-------------------------ജില്ല------------------

| ക്രമ നം. | ബൈട്രാൻസ്ഫർ മുഖേന നിയമിതനായ നിലവിൽ സ്കൂളിൽ വർക്ക് ചെയ്യുന്ന ലാബ് അസിസ്റ്റന്റിന്റെ പേര് | ജനനതീയതി | ലാബ് അസിസ്റ്റന്റായി നിയമിതനായ തീയതി | ലാബ് അസിസ്റ്റന്റ് തസ്തികയിലെ നിയമന ഉത്തരവ് നം. തീയതി | ബൈട്രാൻസ്ഫർ മുഖേന നിയമിതരായ ലാബ് അസിസ്റ്റന്റുമാരിൽ ആരെങ്കിലും സ്കൂളിൽ നിന്ന് വിരമിക്കുകയോ, മാതൃവകുപ്പിലേക്ക് മടങ്ങിപ്പോകുകയോ, മറ്റേതെങ്കിലും ജോലി ലഭിച്ച് പോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയവരുടെ പേര്, വിരമിക്കൽ/റിലീവിംഗ് തീയതി, വിശദാംശങ്ങൾ (2004 മുതലുള്ളത്) |
|---|---|---|---|---|---|
| | | | | | |
| | | | | | |

**തീയതി** സ്കൂൾ സീൽ **പ്രിൻസിപ്പാൾ**

ഗവ. ഹയർസെക്കന്ററി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാരുടെയും ലാബ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളുടേയും വിശദാംശങ്ങൾ

**സ്കൂൾ -------------സ്കൂൾ കോഡ്-----------------------ജില്ല-----------------**

| ക്രമ. നം | നിലവിൽ വർക്ക് ചെയ്യുന്ന ലാബ് അസിസ്റ്റന്റിന്റെ പേര് | ജനനതീയതി | നിയമനരീതി. പി.എസ്.സി./ബൈട്രാൻസ്ഫർ | ലാബ് അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ച തീയതി | ലാബ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളുടെ എണ്ണം,ഒഴിവുണ്ടായ തീയതി | ഒഴിവ് ഉണ്ടാകാനുള്ള കാരണം (വ്യക്തമായി വിശദമാക്കേണ്ടതാണ്) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

**തീയതി** സ്കൂൾ സീൽ പ്രിൻസിപ്പാൾ